# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1037

03.12.2014 ലെ മറുപടിക്ക്

## സംസ്ഥാനം സന്ദർശിച്ച വിനോദസഞ്ചാരികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി. റ്റി.ബൽറാം<br>ശ്രീ. എ. റ്റി. ജോർജ്ജ്<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്; അതിൽ ആഭ്യന്തര വിനോദസഞ്ചാരികൾ എത്ര, വിദേശ വിനോദ സഞ്ചാരികൾ എത്ര; | എ) ഈ സർക്കാരിന്റെ കാലയളവിൽ ആകെ 3,27,00,944 (മൂന്നു കോടി ഇരുപത്തേഴു ലക്ഷത്തി തൊള്ളായിരത്തി നാല്പത്തി നാല്) വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്. ഇതിൽ 23,84,824 (ഇരുപത്തി മൂന്ന് ലക്ഷത്തി എൺപ്പത്തി നാലായിരത്തി എണ്ണൂറ്റി ഇരുപത്തി നാല്) പേർ വിദേശ വിനോദ സഞ്ചാരികളും 3,03,16,120 (മൂന്ന് കോടി മൂന്ന് ലക്ഷത്തി പതിനാറായിരത്തി ഒരുന്നൂറ്റി ഇരുപത്) പേർ ആഭ്യന്തര വിനോദസഞ്ചാരികളുമാണ്. |
| ബി) ഈ വർഷങ്ങളിൽ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ബി) ഉണ്ട്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | ആഭ്യന്തര ടൂറിസ്റ്റുകൾ | വിദേശ ടൂറിസ്റ്റുകൾ |
|---|---|---|
| 2010 | 85,95,075 | 6,59,265 |
| 2011 | 93,81,455 | 7,32,985 |
| 2012 | 1,00,76,854 | 7,93,696 |
| 2013 | 1,08,57,811 | 8,58,143 |

| ചോദ്യം | ഉത്തരം |
|---|---|
| സി) വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളത്; വിശദമാക്കുമോ; | സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പര്യാപ്തവും നൂതനവുമായ താഴെപ്പറയുന്ന പദ്ധതികൾ ടൂറിസം മാർക്കറ്റിംഗ് വിഭാഗത്തിൽ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട്: |

(..........2)

- അന്താരാഷ്ട്ര വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി അന്താരാഷ്ട്ര വ്യാപാരമേള , റോഡ് ഷോ.
- ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി നടത്തുന്ന ദേശീയ വ്യാപാരമേള, റോഡ് ഷോ
- സംസ്ഥാന പ്രാദേശികതലങ്ങളിൽ ഓണം വാരാഘോഷം, ഉത്സവം, നിശാഗന്ധി നൃത്തോൽസവം
- 'ഡ്രീം സീസൺ' എന്ന പേരിൽ ഏപ്രിൽ മുതൽ സെപ്തംബർ വരെ നീണ്ടുനിൽക്കുന്ന പദ്ധതി
- വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫേസ്ബുക്ക് തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയുള്ള പരസ്യങ്ങൾ തുടങ്ങി നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ഡി) വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം എത്ര വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഡി) വിനോദസഞ്ചാരികളുടെ വർദ്ധനവ് അനുസരിച്ച് വരുമാനവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവരെ കൊടുക്കുന്നു.

| വർഷം | ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനം (കോടിയിൽ) |
|---|---|
| 2010 | 17,348.00 |
| 2011 | 19,037.00 |
| 2012 | 20,430.00 |
| 2013 | 22,926.55 |

**സെക്ഷൻ ഓഫീസർ**